ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:26.11.2024**

## പ്രധാനവാർത്തകൾ

1. രാജ്യം ഇന്ന് ഭരണഘടനയുടെ 75-ാം വാർഷികം ആഘോഷിക്കുന്നു. രാജ്യമെങ്ങും വിപുലമായ ആഘോഷപരിപാടികൾ.

2. ഭാരതം ജനാധിപത്യത്തിന്റെ മാതാവാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഭരണഘടന ഭാരതത്തിന്റെ ഏറ്റവും പവിത്രമായ ഗ്രന്ഥമെന്നും രാഷ്ട്രപതി.

3. ഭരണഘടനാ ദിനത്തോടനുബന്ധിച്ച് സുപ്രീംകോടതിയിൽ ഇന്ന് നടക്കുന്ന ചടങ്ങിൽ, പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്യും. ഇന്ത്യൻ ജുഡീഷ്യറിയുടെ വാർഷിക റിപ്പോർട്ടും പ്രകാശനം ചെയ്യും.

4. ശബരിമലയിൽ ദർശനത്തിനെത്തുന്ന ഭക്തരോട് ഒരു കാരണവശാലും അപമര്യാദയായി പെരുമാറരുതെന്ന് സംസ്ഥാന പോലീസിന് ഹൈക്കോടതിയുടെ കർശന നിർദ്ദേശം.

5. തൃശൂരിൽ നടന്ന ലോറി അപകടത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് രാത്രികാല വാഹന പരിശോധന കർശനമാക്കുമെന്ന് മന്ത്രി കെ. ബി ഗണേഷ് കുമാർ. അപകടത്തിൽ കുറ്റക്കാർക്കെതിരെ ശക്തമായ നടപടിയെന്നും മന്ത്രി.

RNU TVPM

6. **കരകൗശല മേഖലയിൽ കേരള ബ്രാൻഡ് ഉത്പന്നങ്ങൾ നിർമിക്കുന്ന പ്രത്യേക പദ്ധതിക്ക് ബജറ്റിൽ ഉൾപ്പെടുത്തി സഹായം നൽകുമെന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ.**

==========================================

**ഭരണഘടനാ ദിനം – രാജ്യം 2**

രാജ്യം ഇന്ന് ഭരണഘടന ദിനമായി ആഘോഷിക്കുന്നു. ഭരണഘടന നിർമ്മാണ സഭ ഇന്ത്യൻ ഭരണഘടനയ്ക്ക് അംഗീകാരം നൽകിയതിന്റെ 75 -ാം വാർഷികമാണ് ഇന്ന്. 1949 നവംബർ 26 നാണ് ഭരണഘടനയ്ക്ക് അംഗീകാരം നൽകിയത്. 1950 ജനുവരി 26-നാണ് ഭരണഘടനാ ശിൽപി ഡോ. ബി.ആർ അംബേദ്കറുടെ നേതൃത്വത്തിൽ രൂപകൽപ്പന ചെയ്ത ഇന്ത്യൻ ഭരണഘടന പ്രാബല്യത്തിൽ വരുന്നത്. ഭരണഘടന ദിനാഘോഷത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് ഒരു വർഷം നീളുന്ന ആഘോഷ പരിപാടികളാണ് കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. **ഹമാരാ സംവിധാൻ ഹമാരാ സ്വാഭിമാൻ** എന്ന പേരിൽ വിപുലമായ ആഘോഷ പരിപാടികളാണ് രാജ്യത്തുടനീളം സംഘടിപ്പിക്കുന്നത്.

==========================================

**രാഷ്ട്രപതി – ഭരണഘടന – (ഇൻട്രോ)**

ഭാരതം ജനാധിപത്യത്തിന്റെ മാതാവാണെന്നും ഓരോ ഭാരതീയനും ഭരണഘടനാ മൂല്യങ്ങൾ ഉൾക്കൊണ്ട് ഭരണഘടനയുടെ അന്തസത്ത ഉയർത്തിപ്പിടിക്കണമെന്നും രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂഡൽഹിയിലെ സംവിധാൻ ഭവനിൽ ഭരണഘടനാ ദിനത്തോട് അനുബന്ധിച്ച് നടന്ന ചടങ്ങിൽ പാർലമെന്റിന്റെ ഇരുസഭകളേയും അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. രാജ്യത്തിന്റെ ഏറ്റവും പവിത്രമായ ഗ്രന്ഥമാണ് ഭരണഘടനയെന്നും

RNU TVPM

ഭരണഘടനാശിൽപി ബാബാസാഹിബ് അംബേദ്കറെയും ഡോ. രാജേന്ദ്ര പ്രസാദിനെയും അതിനായി പ്രവർത്തിച്ച ഓരോരുത്തരേയും ഈ അവസരത്തിൽ അനുസ്മരിക്കുന്നതായി രാഷ്ട്രപതി പറഞ്ഞു.

**(വോയിസ്.....)**

ഭരണഘടനയുടെ സംസ്കൃതം, മൈഥിലി ഭാഷകളിലുള്ള പതിപ്പും രാഷ്ട്രപതി പ്രകാശനം ചെയ്തു. ഭരണഘടനാ ദിനത്തോട് അനുബന്ധിച്ച് സ്മാരക സ്റ്റാമ്പും നാണയവും പുറത്തിറക്കി. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭ സ്പീക്കർ ഓം ബിർള, കേന്ദ്ര മന്ത്രിമാർ, പാർലമെൻറ് അംഗങ്ങൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

RNU TVPM

==============================================

**ഭരണഘടനാ ദിനം - പ്രധാനമന്ത്രി**

ഭരണഘടനാ ദിനാചരണത്തോടനുബന്ധിച്ച് ഇന്ന് വൈകിട്ട് സുപ്രീം കോടതിയിൽ നടക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. ചടങ്ങിനെ അഭിസംബോധന ചെയ്യുന്ന പ്രധാനമന്ത്രി ഇന്ത്യൻ ജുഡീഷ്യറിയുടെ 2023-24 വാർഷിക റിപ്പോർട്ടും പ്രകാശനം ചെയ്യും. കേന്ദ്ര നിയമമന്ത്രി അർജുൻ റാം മേഘ്വാൾ, ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന, സുപ്രീം കോടതിയിലെ മറ്റ് ജഡ്ജിമാർ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരാകും.

==============================================

**ഭരണഘടനാ ദിനം - സംസ്ഥാനം**

ഭരണഘടനാ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തും വിപുലമായ പരിപാടികൾ നടക്കുകയാണ്. നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം കവടിയാർ വിവേകാനന്ദ പ്രതിമയ്ക്ക് മുന്നിൽ നിന്ന് ഇന്ന് രാവിലെ 500-ഓളം യുവ ഭാരത് വളണ്ടിയർമാർ അണിനിരന്ന പദയാത്ര സംഘടിപ്പിച്ചു. നിയമസഭാ പരിസരത്ത് സമാപിച്ച പദയാത്രയിൽ വിവിധ യുവജന സംഘടനകളും വിദ്യാർത്ഥി പ്രതിനിധികളും പങ്കെടുത്തു. തുടർന്ന് ഭരണഘടനാ ദിനാഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് സ്പീക്കർ എ. എൻ. ഷംസീർ ഭരണഘടനയുടെ ആമുഖം വായിച്ചു. നിയമസഭാ ലൈബ്രറിയിൽ സംഘടിപ്പിക്കുന്ന പുസ്തക പ്രദർശനത്തിന്റെ ഉദ്ഘാടനവും സ്പീക്കർ നിർവഹിച്ചു. ഈ മാസം 28 വരെയാണ് പ്രദർശനം.

RNUTVPM

==============================================

**ശബരിമല - ഹൈക്കോടതി**

ശബരിമലയിൽ ദർശനത്തിനെത്തുന്ന അയ്യപ്പഭക്തരോട് ഒരു കാരണവശാലും അപമര്യാദയായി പെരുമാറരുതെന്ന് പൊലീസിന് ഹൈക്കോടതിയുടെ കർശന നിർദ്ദേശം. പ്രത്യേകതകൾ ഉള്ള ആരാധനാലയമാണ് ശബരിമലയെന്നും പോലീസ് ഉദ്യോഗസ്ഥരുടെ ശബരിമലയിലെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെങ്കിലും ശബരിമല തിരുമുറ്റത്തും സോപാനത്തിലുമുള്ള മൊബൈൽ ഫോൺ ഉപയോഗിച്ചുള്ള വീഡിയോ ചിത്രീകരണം നടത്തിയത് അംഗീകരിക്കാനാകില്ലെന്നും കോടതി നിരീക്ഷിച്ചു. ഈ വിഷയത്തിൽ എക്സിക്യൂട്ടീവ് ഓഫീസർ നാളെ റിപ്പോർട്ട് സമർപ്പിക്കണമെന്നും

ഹൈക്കോടതി നിർദേശം നൽകി.

==================================================

**ശബരിമല**

ശബരിമലയിൽ സന്നിധാനത്തും പമ്പയിലും നിലയ്ക്കലും ഒരേസമയം സ്ക്വാഡുകളെ വിന്യസിച്ച് എക്സൈസ് വകുപ്പ് പരിശോധന ശക്തമാക്കി. സന്നിധാനത്ത് മാത്രമായി 35 റെയ്ഡുകളാണ് കഴിഞ്ഞ 10 ദിവസത്തിനുള്ളിൽ സംഘടിപ്പിച്ചത്. 238 കേസുകൾ രജിസ്റ്റർ ചെയ്തു. 47,600 രൂപ പിഴയും ചുമത്തി. 725 ഗ്രാം പുകയില ഉത്പന്നങ്ങൾ പിടിച്ചെടുത്തു. അതിഥി തൊഴിലാളി ക്യാമ്പുകളും കടകളും കേന്ദ്രീകരിച്ചുള്ള പരിശോധനകളും വ്യാപകമാക്കിയിട്ടുണ്ട്.

==================================================

RNU TVPM

**നാട്ടിക അപകടം – (ഇൻട്രോ)**

തൃശൂർ നാട്ടികയിൽ ലോറി പാഞ്ഞുകയറി 5 പേർ മരിച്ച സംഭവത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ഗതാഗത മന്ത്രി കെ.ബി ഗണേഷ്കുമാർ. ഗതാഗത കമീഷണറുടെ പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലോറി ഡ്രൈവറുടെ ലൈസൻസും വാഹനത്തിന്റെ രജിസ്ട്രേഷനും പെർമിറ്റും റദ്ദാക്കുമെന്ന് മന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ലൈസൻസ് ഇല്ലാതെ വാഹനമോടിച്ച ക്ലീനർക്കെതിരെ നിയമപരമായി പരമാവധി നടപടി സ്വീകരിക്കുമെന്ന് പറഞ്ഞ ശ്രീ ഗണേഷ്കുമാർ ഡ്രൈവറും ക്ലീനറും നിലവിൽ പൊലീസ് കസ്റ്റഡിയിലാണെന്നും വ്യക്തമാക്കി.

**(VOICE – MINISTER..........)**

ഇന്ന് പുലർച്ചെയാണ് തൃശൂർ നാട്ടികയിൽ തടി കയറ്റി വന്ന ലോറി ഉറങ്ങിക്കിടന്ന നാടോടികളിലേക്ക് നിയന്ത്രണം വിട്ട് പാഞ്ഞുകയറി 5 പേർ മരിച്ചത്.

==============================================

**എം.ബി രാജേഷ്**

നാട്ടികയിൽ അപകടത്തിൽപ്പെട്ട് ചികിത്സയിൽ കഴിയുന്നവരെ സന്ദർശിക്കാൻ മന്ത്രി എം.ബി രാജേഷ് തൃശ്ശൂർ മെഡിക്കൽ കോളേജിലെത്തും. മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരമാണ് മന്ത്രിയുടെ സന്ദർശനം.

==============================================

**ബി ജെ പി കോർ കമ്മിറ്റി**

ബിജെപി സംസ്ഥാന കോർ കമ്മിറ്റി യോഗം കൊച്ചിയിൽ പുരോഗമിക്കുന്നു. യോഗത്തിന് ശേഷം പാർട്ടി സംസ്ഥാന നേതൃയോഗവും ചേരുന്നുണ്ട്. സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രന്റെ നേതൃത്വത്തിലാണ് യോഗം ചേരുന്നത്. മുതിർന്ന നേതാക്കൾ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. ലോക് സഭ- നിയമസഭ ഉപതിരഞ്ഞെടുപ്പ് ഫലം യോഗത്തിൽ ചർച്ചയായേക്കും.

RNU TVPM

==============================================

**കെ.എൻ. ബാലഗോപാൽ**

കരകൗശല മേഖലയിൽ കേരള ബ്രാൻഡ് ഉത്പന്നങ്ങൾ നിർമിക്കുന്ന പ്രത്യേക പദ്ധതിക്ക് ബജറ്റിൽ ഉൾപ്പെടുത്തി സഹായം നൽകുമെന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ. കേരള കരകൗശല വികസന കോർപറേഷന്റെ 'കൈരളി' കൊല്ലം ഷോറൂം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കരകൗശല മേഖലയിൽ ഉള്ളവരുടെ തൊഴിൽ ലഭ്യതയും സാമ്പത്തിക- സാമൂഹിക ഉന്നമനവും ലക്ഷ്യമിട്ടാണ് പുതിയ ഷോറൂം പ്രവർത്തനം ആരംഭിച്ചത്.

==========================================

**കണ്ണൂർ-ഹരിത ശുചിത്വജില്ല – (ഇൻട്രോ)**

കണ്ണൂരിനെ  ഹരിത  ശുചിത്വ ജില്ലയാക്കി മാറ്റുന്നതിന് മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായുള്ള കർമ്മ പദ്ധതി പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി ശിൽപശാല സംഘടിപ്പിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി**
**കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.**
**(VOICE.................)**

RNU TVPM

==========================================

**മഴ – സംസ്ഥാനം**

ബംഗാൾ ഉൾക്കടലിൽ ന്യൂനമർദം ശക്തി പ്രാപിച്ചതിനെ തുടർന്ന് കേരളത്തിൽ വരുംദിവസങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതെയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് എട്ടു ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഈ മാസം 29 വരെ കേരള തീരത്ത് മത്സ്യബന്ധനത്തിനും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

==========================================

**ആരോഗ്യമന്ത്രി - വിരഗുളിക**

വിര വിമുക്ത ദിനമായ ഇന്ന് സംസ്ഥാനത്തെ വിദ്യാലയങ്ങളിലും അങ്കണവാടികളിലും കുട്ടികൾക്ക് വിര ഗുളിക നൽകി. കുട്ടികളുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്ന വിരബാധക്കെതിരെ ജാഗ്രത പുലർത്തണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് അറിയിച്ചു. ഏതെങ്കിലും കാരണത്താൽ ഇന്ന് വിരഗുളിക ലഭിക്കാത്ത കുട്ടികൾക്ക് ഡിസംബർ 3-ന് ഗുളിക നൽകുമെന്നും മന്ത്രി പറഞ്ഞു.

==========================================

**ഗോവ ചലച്ചിത്ര മേള**

ഗോവ അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ ആറാം ദിവസമായ ഇന്ന് വിവിധ വിഭാഗങ്ങളിലായി 70-ലധികം സിനിമകൾ പ്രദർശിപ്പിക്കുന്നു. **India Votes, Stride, Beyond the Court: The Indian Wheelchair Basketball Journey** തുടങ്ങിയവയാണ് ഇതിൽ പ്രധാനപ്പെട്ടവ. ഇന്ത്യൻ സിനിമകളും വിദേശ ചലച്ചിത്രങ്ങളും ഓഡിയോ വിവരണം, ആംഗ്യ ഭാഷ എന്നിവയും പ്രദർശനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

RNU TVPM

==========================================

**ഐ.എഫ്.എഫ്.കെ**

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി അടുത്തമാസം 13 മുതൽ 20 വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന 29-ാമത് ഐ.എഫ്.എഫ്.കെയുടെ ഡെലിഗേറ്റ് രജിസ്ട്രേഷന് മികച്ച പ്രതികരണം. നവംബർ 25 തിങ്കളാഴ്ച രാവിലെ പത്തുമണിക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. എട്ട്

ദിവസങ്ങളിലായി നടക്കുന്ന മേളയിൽ വിവിധ രാജ്യങ്ങളിൽനിന്നുള്ള 180-ഓളം ചിത്രങ്ങൾ പ്രദർശിപ്പിക്കും.

===========================================

**ഐ.എസ്.എൽ**

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് മുംബൈ സിറ്റി പഞ്ചാബ് എഫ്സിയെ നേരിടും. രാത്രി 7.30-ന് മുംബൈയിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ഹൈദരാബാദ് എഫ്സിക്കെതിരെ ഒഡിഷ എഫ്സി വിജയിച്ചിരുന്നു.

===========================================

RNUTVPM

**ദേശീയ ക്ഷീരദിനം**

ഇന്ന് ദേശീയ ക്ഷീരദിനം. ധവളവിപ്ലവത്തിന്റെ പിതാവായ ഡോ. വർഗീസ് കുര്യന്റെ സ്മരണയ്ക്കായാണ് എല്ലാ വർഷവും നവംബർ 26-ന് ദേശീയ ക്ഷീരദിനമായി ആചരിക്കുന്നത്. ഇതോടനുബന്ധിച്ച് ന്യൂഡൽഹിയിൽ ദിനാചരണപരിപാടി സംഘടിപ്പിക്കുമെന്ന് കേന്ദ്ര മൃഗസംരക്ഷണ, ക്ഷീര വകുപ്പ് അറിയിച്ചു. ക്ഷീരമേഖലയിലെ പരമോന്നത ദേശീയ പുരസ്കാരങ്ങളിലൊന്നായ ദേശീയ ഗോപാൽ രത്ന അവാർഡുകൾ കേന്ദ്ര ക്ഷീരവികസന മന്ത്രി രാജീവ് രഞ്ജൻ സിംഗ് സമ്മാനിക്കും.

====================

============================

===========================================